പ്രവൃത്തികൾ അനുവദിച്ച ബ്ലോക്കുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് നൽകുന്നത്. പ്രവൃത്തികൾ ഗ്രാമഭോക്തൃ കമ്മിറ്റികൾ മുഖേനയും 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള നബാർഡ് ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ ടെണ്ടർ മുഖേനയുമാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കാണ്.

(സി) മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം ഓരോ വർഷവും മലയോര വികസന പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം, സീതത്തോട് എന്നീ പഞ്ചായത്തുകൾ മാത്രമേ മലയോര വികസന ഏജൻസിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നുള്ളൂ.

പദ്ധതികളുടെ പേരും അനുവദിച്ച തുകയും ഇപ്പോഴത്തെ അവസ്ഥയും താഴെ കൊടുക്കുന്നു :

1. ഞാറയ്ക്കൽപടി - മാണിക്കോടിക്കൽ പടി റോഡ് (അരുവാപ്പുലം ഗ്രാമപഞ്ചായത്ത്) - 10.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

2. ഗുരുനാഥൻ മണ്ണ് - കുന്നം റോഡ് (സീതത്തോട് ഗ്രാമ പഞ്ചായത്ത്) - 10.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

3. സ്വാമിപ്പടി കോട്ടപ്പാറ റോഡ് (സീതത്തോട് ഗ്രാമ പഞ്ചായത്ത്)- 10.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

(ഇ) ഇല്ല. ജനപ്രതിനിധികൾ, ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ എന്നിവർ സമർപ്പിക്കുന്ന പദ്ധതികളിൽ നിന്നും നിയമാനുസൃതം യോജ്യമായ പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് തെരഞ്ഞെടുക്കുന്നു.

മലയോര വികസന ഏജൻസിവഴി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

13 (1381) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസി മുഖേന കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി, സങ്കേതികാനുമതി എന്നിവ ലഭിച്ചുവെന്നും എതെല്ലാം പദ്ധതികൾ പൂർത്തിയാക്കിയെന്നും അറിയിക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇനിയും പൂർത്തിയാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും അവ ഏതു ഘട്ടംവരെയെത്തിയെന്നുമുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ ;

ഉത്തരം

(എ) മലയോര വികസന ഏജൻസി മുഖേന കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളുടെ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ച പ്രവൃത്തികളുടെയും പൂർത്തീകരിച്ച പ്രവൃത്തികളുടെയും വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) പൂർത്തിയാക്കാത്ത പ്രവൃത്തികളും അവയുടെ നിലവിലുള്ള അവസ്ഥയും അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

ദീൻ ദയാൽ ഗ്രാമീൺ കൗശല്യായോജന

14 (1382) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി തുടങ്ങുന്ന ദീൻ ദയാൽ ഗ്രാമീൺ കൗശല്യായോജന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായുള്ള കേന്ദ്ര ഫണ്ടും സംസ്ഥാന ഫണ്ടും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യയോജന (ആജീവിക സ്കിൽസ്)യിലൂടെ 18-35 ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്കും 45 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്കും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly